പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2964 — 20/12/2012 ൽ മറുപടിയ്ക്ക്

## റവന്യൂ വകുപ്പിലെ ഓൺ ലൈൻ പേയ്മെന്റ് ഗേറ്റ് വേ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | റവന്യൂ വകുപ്പിൽ ഓൺ ലൈൻ പേയ്മെന്റ് ഗേറ്റ്വേ നടപ്പാക്കാനുദ്ദേശി ക്കുന്നുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. റവന്യൂ വകുപ്പിലെ ഭൂനികുതി ഒടുക്ക് തുടങ്ങി വിവിധ സാമ്പത്തിക സേവനങ്ങൾ ക്രോഡീകരിച്ച് സുതാര്യമായ ഒരു റവന്യൂ ഭരണത്തിന് കളമൊരുക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി യുടെ ഉദ്ദേശ്യ ലക്ഷ്യ ങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) | സർക്കാരിനും പൊതുജനത്തിനും ഒരു പോലെ ഉപകാരപ്രദമായ ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br>1. നിക്ഷേപങ്ങളിൽ നിന്നുള്ള നല്ലൊരു തുക പലിശയിനത്തിൽ സർക്കാരിന് വസൂലാക്കാവുന്നതാണ്.<br>2. വകുപ്പുകൾ ശേഖരിച്ച ഫണ്ടിന്മേൽ പരമാവധി സുതാര്യത ഉറപ്പു വരുത്താവുന്നതാണ്.<br>3. ഉദ്യോഗസ്ഥ അഴിമതിയിലൂടെയും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിലുള്ള വീഴ്ചയിൽ നിന്നും സംഭവിക്കുന്ന ഫണ്ടിന്റെ ചോർച്ച പൂർണ്ണമായും തടയുവാൻ സാധിക്കുന്നതാണ്.<br>4. ദിനംപ്രതിയുള്ള സർക്കാർ ചെലവിലേയ്ക്കാവശ്യമായ ഫണ്ടിന്റെ ലഭ്യത വിലയിരുത്തുവാൻ സാധിക്കുന്നു.<br>5. റവന്യൂ വകുപ്പിലെ ഫണ്ടു കൈകാര്യം |

ചെയ്യലിന് ഒരു പുതിയ രീതി അവതരിപ്പിക്കാവുന്നതാണ്.

6. സർക്കാരിന്റെ സാമ്പത്തിക ഇടപാടുകൾ പരമാവധി പൊതുജനോപകാരപ്രദമാക്കാവുന്നതാണ്.

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദമാക്കുമോ ;

(സി) പദ്ധതി പൂർത്തീകരണത്തിലെത്തുന്നതോടെ പൊതുജനങ്ങളിൽ നിന്നും വകുപ്പിലേയ്ക്ക് പിരിഞ്ഞു കിട്ടേണ്ട ഭൂ നികുതി, കെട്ടിട നികുതി, തോട്ട നികുതി തുടങ്ങിയ നികുതികൾ ഒരു വ്യക്തിയ്ക്ക് സ്വന്തം കമ്പ്യൂട്ടറിന്റെ/ മൊബൈൽ ഫോണിന്റെ സഹായത്താൽ വീട്ടിലിരുന്നു തന്നെ ഒടുക്കാവുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കേന്ദ്രധനസഹായമാണ് ലഭിക്കുന്നത് ; വിശദമാക്കുമോ?

(ഡി) ഇതിലേയ്ക്കായി നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ വിനിയോഗിച്ചുകൊണ്ട് മറ്റു ചെലവുകളില്ലാതെ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ